**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 341** **16-09-2025 - ൽ മറുപടിയ്ക്ക്**

**ലഹരി വസ്തുക്കളുടെ വ്യാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ വിദ്യാർഥികൾക്കിടയിൽ ഉൾപ്പെടെ കടന്നുകയറിയ ലഹരി വ്യാപനത്തെ പ്രതിരോധിക്കാൻ ഉപരിപ്ലവമായ നടപടികൾ മാത്രം മതിയാകില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ ഉൾപ്പടെ കടന്നുകയറിയ ലഹരി വ്യാപനത്തെ പ്രതിരോധിക്കുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളോടൊപ്പം വിമുക്തി മിഷന്റെ ഭാഗമായി ക്രിയാത്മകമായ രീതിയിലുള്ള ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. ലഹരി വിരുദ്ധ പോരാട്ടത്തിന് എല്ലാ വിഭാഗം ജനങ്ങളുടേയും സഹകരണം ആവശ്യമാണെന്ന് തിരിച്ചറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനം ലഹരി വിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ സർക്കാർ വകുപ്പുകളുടേയും വിവിധ സാമൂഹ്യ-സാംസ്കാരിക -രാഷ്ട്രീയ- സന്നദ്ധ സംഘടനകൾ ഉൾപ്പടെ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും സഹകരണത്തോടെ 2025 ജൂൺ 26 മുതൽ 2026 ജനുവരി 26 വരെ നീണ്ട് നിൽക്കുന്ന ലഹരി വിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിച്ച് വരുന്നുണ്ട്. |
| (ബി) | സ്കൂൾ പരിസരങ്ങളിൽ പോലീസ്, എക്സൈസ് വകുപ്പുകളുടെ നിരന്തര നിരീക്ഷണം ഏർപ്പെടുത്തുവാനും സ്കൂളുകളിൽ പ്രാദേശിക തലങ്ങളിലുള്ള ജാഗ്രതാ സമിതികളുടെ നിരീക്ഷണം ശക്തിപ്പെടുത്തുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ; | (ബി) | ഉണ്ട്. സ്കൂൾ പരിസരങ്ങളിൽ പ്രത്യേക നിരീക്ഷണവും, പരിശോധനയും നടത്തുകയും സ്കൂൾ തലത്തിൽ പ്രവർത്തിക്കുന്ന NCC, NSS, SPC, PTA എന്നിവരുടെ സഹകരണത്തോടു കൂടി ലഹരി ഉപയോഗം സംബന്ധിച്ച വിവരശേഖരണം നടത്തി വേണ്ട നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നുണ്ട്.. സ്കൂൾ ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുൻപും സ്കൂൾ സമയം അവസാനിച്ചതിന് അരമണിക്കൂർ ശേഷവും സ്കൂൾ പരിസരങ്ങളിൽ നിരീക്ഷണവും, മഫ്ത്തി പട്രോളിംഗ്, ബൈക്ക് പട്രോളിംഗ് നടത്തുകയും മറ്റ് വകുപ്പുകളുമായി ചേർന്ന് സ്കൂൾ പരിസരങ്ങളിൽ വിവിധ സമയങ്ങളിൽ വാഹന പരിശോധന നടത്തുകയും ചെയ്ത് വരുന്നു. |

| | | | |
|---|---|---|---|
| | | | രക്ഷിതാക്കൾ. അദ്ധ്യാപകർ, പ്രദേശവാസികൾ എന്നിവർ ഉൾപ്പെടുന്ന ജാഗ്രതാ സമിതികളുടെ സഹകരണത്തോടു കൂടി ലഹരിക്കെതിരെ എക്സൈസ് വകുപ്പ് കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. സ്കൂൾ പരിസരത്ത് നിരോധിത ലഹരി വസ്തുക്കളുടെ വിൽപ്പന നടത്തുന്നതായി കണ്ടെത്തുന്ന കടകളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സംസ്ഥാനത്ത് മയക്കുമരുന്നുപയോഗത്തിന്റെയും അതുമൂലമുള്ള കുറ്റകൃത്യങ്ങളുടെയും തോത് വർദ്ധിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; ആന്റി നാർകോട്ടിക്സ് ടാസ്ക് ഫോഴ്സുകളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (സി) | എക്സൈസ് വകുപ്പ് നടത്തുന്ന കാര്യക്ഷമമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഫലമായി കണ്ടെടുക്കുന്ന കേസുകളുടെ എണ്ണത്തിൽ മുൻ കാലത്തെ അപേക്ഷിച്ച് വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ക്രിയാത്മകമായ ഇടപെടൽ മൂലം ലഹരി വ്യാപനവുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്ന വ്യക്തികളുടെ പേരിൽ നിയമ നടപടി സ്വീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. 14 ജില്ലാ ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡുകൾ കൂടാതെ ജില്ലാ തലങ്ങളിൽ സ്ട്രൈക്കിംഗ് ഫോഴ്സ്, ഹൈവേ പട്രോൾ ടീം എന്നിവയും 24 മണിക്കൂറും വാഹന പരിശോധനകൾ നടത്തി മയക്കുമരുന്നു കടത്തും വില്പനയും തടയുന്നു. എക്സൈസ് കമ്മീഷണറേറ്റിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പരാതി പരിഹാരസെൽ വഴിയും ജില്ലാ തലങ്ങളിലെ കൺട്രോൾ റൂമുകൾ വഴിയും പൊതുജനങ്ങളിൽ നിന്ന് വിവരങ്ങളും പരാതികളും സ്വീകരിച്ച് നടപടി സ്വീകരിച്ച് വരുന്നുണ്ട്. |
| (ഡി) | സംസ്ഥാനത്ത് പുതിയതായി എത്തുന്ന കൃത്രിമ ലഹരിവസ്തുക്കളുടെ വ്യാപനം തടയാൻ നടപടി ശക്തമാക്കിയിട്ടുണ്ടോ; ഇതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ നാർകോട്ടിക്സ് ഡ്രഗ്സ് ആന്റ് സൈക്കോതെറാപ്പിക്ക് സബ്സ്റ്റൻസസ് ആക്ടിൽ ഉൾപ്പെട്ട മയക്കുമരുന്നുകളുടെ പട്ടിക പരിഷ്കരിക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | നിലവിലെ നിയമത്തിലെ പഴുതുകൾ അടച്ചുകൊണ്ടും. ശിക്ഷ, പിഴ എന്നിവ ഉയർത്തികൊണ്ടും, സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന ലഹരിവസ്തുക്കളുടെ വ്യാപനം തടയാൻ നടപടി സ്വീകരിച്ച് വരുന്നു. നാർക്കോട്ടിക്സ് ഡ്രഗ്സ് ആന്റ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്ടിൽ ഉൾപ്പെട്ട മയക്കമരുന്നുകളുടെ Small Quantity, Medium Quantity, Commercial Quantity പട്ടിക പരിഷ്കരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ